**FORTI COLOUR PLUS**
Premium Alu - Zinc coated Roofing Sheet

# വാറന്റി മാനദണ്ഡങ്ങൾ

## 1. ഷീറ്റ് ഇടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (Things to be taken care while laying the sheets)

റൂഫിംഗ് ഷീറ്റുകൾ നിലത്തുവച്ച് ആവശ്യാനുസരണം മുറിച്ചതിനു ശേഷമേ മുകളിലേക്കു കയറ്റാവൂ. അവ ഉറപ്പിക്കുവാൻ സ്ക്രൂ ചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന എല്ലാ പൊടികളും അവശിഷ്ടങ്ങളും ബ്രഷും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുക. ഇല്ലായെങ്കിൽ അവ അടിഞ്ഞു കൂടി ദ്രവിക്കുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന പാടുകൾ റൂഫിംഗ് ഷീറ്റിന്റെ നിറം മങ്ങിക്കുകയും അനന്തരം തുരുമ്പ് പിടിക്കാവുന്നതുമാണ്.



## 2. ശ്രദ്ധയോടെയുള്ള ഗതാഗതം. (Careful Transportation of Roofing Sheets)

ചരക്കു നീക്കം നടത്തുമ്പോൾ റൂഫിംഗ് ഷീറ്റിന് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണം. റൂഫിംഗ് ഷീറ്റുകൾക്ക് വാഹനത്തിന്റെ ലോഹഭാഗങ്ങളുമായുള്ള ഉരസൽ ഒഴിവാക്കാൻ ഷീറ്റിന്റെ വീതിയെക്കാളും അൽപം നീളം കൂടുതലും ഘനവുമുള്ള മരക്കഷണങ്ങളോ തത്തുല്ല്യ സാമഗ്രികളോ വച്ച് അതിന്മേൽ അടുക്കണം. ഷീറ്റിന്റെ നീളം അനുസരിച്ച് മരക്കഷണങ്ങളുടെ എണ്ണം ക്രമീകരിക്കാവുന്നതാണ്. വാഹനം ഓടുന്ന സമയത്ത് ഷീറ്റുകൾ വളയാതിരിക്കുവാൻ ഇത് സഹായിക്കും.




## 3. സുരക്ഷിതമായി സംഭരിക്കുക (Safe Storage of Roofing Sheets)

റൂഫിംഗ് ഷീറ്റുകൾക്ക് കേടുപാടുകൾ വരാതിരിക്കുവാൻ അവ സംഭരിച്ചു വയ്ക്കുന്ന സമയം കുറയ്ക്കുക. മേൽ പറഞ്ഞതുപോലെ മരക്കഷണങ്ങളോ തത്തുല്ല്യ സാമഗ്രികളോ നിലത്തു വച്ച് അതിന്മേൽ റൂഫിംഗ് ഷീറ്റ് വയ്ക്കേണ്ടതാണ്. ആവശ്യമായ വായു പ്രവാഹം ഉറപ്പു വരുത്തി ജലപ്രതിരോധ ശേഷിയുള്ള ഏതെങ്കിലും ഉൽപ്പന്നം ഉപയോഗിച്ച് അവ മൂടിവച്ചാൽ നന്നായിരിക്കും.



## 4. ശരിയായ രീതിയിൽ മുറിക്കുക. (Use Appropriate Tools for Cutting of Roofing Sheet)

ഷീറ്റുകൾ മുറിക്കുന്നതിന് എപ്പോഴും ഉചിതമായ ഉപകരണങ്ങൾ ഉപയോഗിക്കുക. മാർബിൾ കട്ടർ ഉപയോഗിക്കരുത്. ഇത് ബേസ് മെറ്റലിന്റെ വായു സമ്പർക്കത്തിനും തുടർന്നുള്ള നിറവ്യത്യാസത്തിനും തുരുമ്പ് പിടിക്കുന്നതിനും ഇടയാക്കും. മുറിച്ചതിന് ശേഷം മുറിച്ച ഭാഗത്ത് പെയിന്റ് അല്ലെങ്കിൽ സിങ്ക് സ്പ്രേ ഉപയോഗിക്കുക.



## 5. ശരിയായ രീതിയിൽ വിരിക്കുക / മേയുക. (Proper Laying of Roofing Sheet)

റൂഫിംഗ് ഷീറ്റ് ശരിയായ രീതിയിൽ ആവശ്യത്തിന് ചരിവ് (കുറഞ്ഞത് 20ഡിഗ്രി) ഉറപ്പാക്കി മേയുക. ഇലകളും മറ്റ് വസ്തുക്കളും അടിഞ്ഞു കൂടാതെ ശ്രദ്ധിക്കണം. റൂഫിംഗ് ഷീറ്റുകൾ നന്നായി ഉറപ്പിക്കുവാൻ സെൽഫ് ഡ്രില്ലിങ് സ്ക്രൂ (കഴിവതും സ്റ്റെയിൻലെസ് സ്റ്റീലിന്റെ) ഉപയോഗിക്കുക. റൂഫിംഗ് ഷീറ്റിന്റെ ഉയർന്ന് നിൽക്കുന്ന റിബ്ബുകളിൽ സ്ക്രൂ ഉപയോഗിക്കണം. വെള്ളമൊഴുകുന്ന താഴ്ന്ന റിബ്ബുകളിൽ സ്ക്രൂ ഉപയോഗിക്കരുത്. കൂടാതെ ചോർച്ച ഒഴിവാക്കാൻ സ്ക്രൂ ചെയ്തിരിക്കുന്നിടത്തെല്ലാം സിലിക്കൺ സീലന്റ് നിർബന്ധമായും ഉപയോഗിക്കുക.



## 6. ഗാഡ് ഫിലിം ഇളക്കി മാറ്റേണ്ടതാണ് (Remove the Guard Film)

മഴക്കാലത്ത് വെള്ളം തങ്ങി നിൽക്കുവാൻ സാധ്യതയുള്ളതിനാൽ ഷീറ്റുകൾ മേഞ്ഞതിനുശേഷം അതിൽ ഒട്ടിച്ചിരിക്കുന്ന ഗാഡ് ഫിലിം ഇളക്കി മാറ്റേണ്ടതാണ്



## 7. ഗുണനിലവാരമുള്ള അനുബന്ധ സാമഗ്രികൾ ഉപയോഗിക്കുക. (Use Quality Accesseories)

മികച്ച മേൽക്കൂര ഉറപ്പാക്കാൻ എപ്പോഴും നല്ല ഗുണനിലവാരമുള്ള അനുബന്ധ സാമഗ്രികൾ ഉപയോഗിക്കുക. ഇത് മേൽക്കൂരയെ കൂടുതൽ കാലം കേടുപാടുകൾ കൂടാതെ നിലനിർത്താൻ സഹായിക്കും.



## 8. ഈർപ്പമാണ് ചോർച്ചയല്ല (Discliamer on Humidity)

ഉറപ്പിച്ച റൂഫിംഗ് ഷീറ്റിന്റെ കീഴ്ഭാഗത്ത് ചിലപ്പോൾ സംഭവിക്കുന്ന ഒരു സ്വാഭാവിക രൂപീകരണമാണ് ഈർപ്പം നിൽക്കൽ. കെട്ടിടത്തിന്റെയും റൂഫിംഗ് ഷീറ്റിന്റെയും താപനിലയിൽ വ്യത്യാസം വരുമ്പോൾ വായുവിലെ ഈർപ്പം ഷീറ്റിന്റെ കീഴ്ഭാഗത്ത് തങ്ങിനിൽക്കപ്പെടുന്നു. ഇത് ചോർച്ചയല്ല മറിച്ച് പ്രകൃതിപരമായ പ്രതിഭാസമായതിനാൽ ഇക്കാര്യത്തിൽ യാതൊരു വിധ വാദപ്രതിവാദത്തിനും അർഹതയില്ലാത്തതാകുന്നു.



## 9. ഷീറ്റിലെ പായൽ,പൂപ്പൽ (Algae/Fungus)

ഓടു മേഞ്ഞതോ വാർത്തതോ ആയ കെട്ടിടങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനമായ വെള്ളം പായൽ/പൂപ്പൽ എന്നിവ വരുത്തുകയും തുടർന്ന് ഷീറ്റിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നു. മരങ്ങളിൽ നിന്നുള്ള ചപ്പുചവറുകൾ കെട്ടിക്കിടന്നാലും ഷീറ്റിന് കേടുപാടുകൾ സംഭവിക്കും



## NOTE

മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാതെ ഷീറ്റുകൾ വാങ്ങി ഉപയോഗിച്ചാൽ തുടർന്നുണ്ടാകാവുന്ന ഏതൊരുവിധ പരാതികൾക്കും കേടുപാടുകൾക്കും നിർമ്മാതാക്കൾ ഉത്തരവാദി ആയിരിക്കുന്നതല്ല.